പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5713 — 27.10.2011-ൽ മറുപടിയ്ക്ക്

# ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.അജിത് | | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം എത്ര തൊഴിൽ ദിനങ്ങളാണ് ഒരു തൊഴിലാളിക്ക് നൽകേണ്ടതെന്നും കേരളത്തിൽ ശരാശരി എത്ര തൊഴിൽ ദിനങ്ങൾ വീതം നൽകാൻ കഴിയുന്നുണ്ട് എന്നും വ്യക്തമാക്കുമോ ; | എ. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത് തൊഴിൽ ആവശ്യപ്പെടുന്ന ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും കൂടി പരമാവധി 100 ദിവസം തൊഴിൽ നൽകാവുന്നതാണെന്ന് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 2(5)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം കേരളത്തിൽ ഒരു കുടുംബത്തിന് ശരാശരി 40 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം 21-10-2011 വരെ ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ 16 ആണ്. |
| ബി. | ആരോഗ്യ വകുപ്പിലും മറ്റും ദിവസവേതനക്കാരെ ഉപയോഗിച്ച് നടത്തുന്ന ജോലികൾ തൊഴിലുറപ്പു പദ്ധതിയിൽ പ്പെടുത്തുന്നതിന് വകുപ്പുകളുമായി ആശയവിനിമയം നടത്തുമോ ; | ബി. | സേവന മേഖലയിലെ പ്രവർത്തികൾ ഏറ്റെടുക്കുവാൻ പദ്ധതിയിൽ വ്യവസ്ഥയില്ല. |
| സി. | പ്രസ്തുത പദ്ധതിപ്രകാരം വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും 2011- 12 വർഷം സെപ്റ്റംബർ 30 വരെ എത്ര തൊഴിലാളികൾവീതം പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | സി. | കോട്ടയം ജില്ലയിലെ വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും 2011-12 വർഷം സെപ്റ്റംബർ 30 വരെ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണം ചുവടെ കൊടുക്കുന്നു.<br>ചെമ്പ് - 2127<br>മറവൻതുരുത്ത് - 2359<br>ടി.വി പുരം - 2197<br>തലയാഴം - 2456<br>ഉദയനാപുരം - 2703<br>വെച്ചൂർ - 2190 |
| ഡി. | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഗുണമേന്മ പരിശോധിക്കാൻ സംവിധാനമുണ്ടോ; അതിനായി പരിശോധനയ്ക്ക് ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ? | ഡി. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കുന്ന 100% പ്രവൃത്തികളും ഗ്രാമ-ബ്ളോക്ക് തല ഉദ്യോഗസ്ഥൻമാർ നേരിട്ട് പരിശോധിച്ച് |

ഗുണമേൻമ ഉറപ്പാക്കുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഗ്രാമപഞ്ചായത്തു സെക്രട്ടറി, ജോയിന്റ് ബി.ഡി.ഒ.(ഇ.ജി.എസ്.), ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, എന്നിവർക്കാണ് ഇതിന്റെ ചുമതല. ജില്ലാ പ്രോഗ്രാം ഓഫീസറായ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്യോഗസ്ഥൻമാർ 10%, ഗ്രാമവികസന വകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥൻമാർ 2% പ്രവൃത്തികളും പരിശോധന നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമസഭകൾ തെരഞ്ഞെടുക്കുന്ന ജാഗ്രതാ മേൽനോട്ട കമ്മിറ്റികൾ ഓരോ പ്രവൃത്തിയും നിർവ്വഹണ ഘട്ടത്തിൽ പരിശോധിച്ച് ഗുണമേൻമ ഉറപ്പു വരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇതു കൂടാതെ ഓരോ വർഷവും 6 മാസത്തിലൊരിക്കൽ ചേരുന്ന സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ പ്രവൃത്തികളുടെ ഗുണമേൻമയുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ദേശീയ തലത്തിലുള്ള ക്വാളിറ്റി മോണിറ്റർമാരും തൊഴിലുറപ്പ് പദ്ധതിയുടെ ഗുണമേൻമ പരിശോധിച്ച് വിലയിരുത്തുന്നുണ്ട്.

(signature)

സെക്ഷൻ ഓഫീസർ.